**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 17** **29-01-2024 - ൽ മറുപടിയ്ക്ക്**

## അതിദരിദ്ര നിർമ്മാർജന പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഒ . ആർ. കേളു,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ ജി സ്റ്റീഫൻ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | നീതി ആയോഗിന്റെ കണക്കനുസരിച്ച് ഇന്ത്യയിലെ അതിദാരിദ്ര്യം ഏറ്റവും കുറഞ്ഞ സംസ്ഥാനമായി കേരളത്തെ കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | ഉണ്ട്. നീതി ആയോഗ് പ്രസിദ്ധീകരിച്ച കണക്കുകൾ പ്രകാരം 0.55 ശതമാനം മാത്രം ദാരിദ്ര്യത്തോടെ ഇന്ത്യയിലെ  ഏറ്റവും ദാരിദ്ര്യം കുറഞ്ഞ സംസ്ഥാനമാണ് കേരളം. 2022-23 വർഷത്തേക്ക് ഈ കണക്ക് 0.48 ആയി മാറുന്നുവെന്നും നീതി ആയോഗിന്റെ റിപ്പോർട്ടിലുണ്ട്. 0.70 എന്ന് നീതി ആയോഗിന്റെ തന്നെ മുൻ കണക്കിന് ശേഷം ഉണ്ടായ പുരോഗതിയാണിത്. |
| (ബി) | സംസ്ഥാനത്ത് അതിദരിദ്ര നിർമ്മാർജന പ്രവർത്തനങ്ങൾ ആരംഭിച്ചത് എന്നാണെന്നും അതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്നും അറിയിക്കാമോ; | (ബി) | 5 വർഷത്തിനുള്ളിൽ സംസ്ഥാനത്ത് അതിദാരിദ്ര്യം ഇല്ലാതാക്കുക എന്ന ലക്ഷ്യത്തോടെ ഈ സർക്കാരിന്റെ ആദ്യ മന്ത്രിസഭാ യോഗം പ്രത്യേകം പദ്ധതി രൂപപ്പെടുത്തുകയുണ്ടായി. തുടർന്ന് അതിദരിദ്രരെ കണ്ടെത്തുന്നതിനുള്ള ശാസ്ത്രീയമായ പ്രക്രിയയും രീതിശാസ്ത്രവും തയ്യാറാക്കി.<br><br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ആഹാരം, ആരോഗ്യം, വരുമാനം, വാസസ്ഥലം എന്നീ ഘടകങ്ങളെ ആസ്പദമാക്കി അതിദരിദ്രരെ കണ്ടെത്തുന്ന പ്രക്രിയ 2021ജൂലൈയിൽ ആരംഭിച്ച് 2022 ഫെബ്രുവരിയോടെ പൂർത്തീകരിച്ചു.<br><br>തുടർന്ന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 08.07.2022 തീയതിയിലെ സ.ഉ.(കൈ) നം.146/2022/LSGD പ്രകാരം സംസ്ഥാനത്ത് അതിദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ആരംഭിച്ചു. അതിദാരിദ്ര്യ പ്രവർത്തനങ്ങളിലൂടെ കണ്ടെത്തിയ വ്യക്തികളേയും കുടുംബങ്ങളേയും അതിദാരിദ്ര്യ അവസ്ഥയിൽ നിന്നും മോചിപ്പിക്കുന്നതിനായി മൈക്രോപ്ലാനുകൾ തയ്യാറാക്കി. |

| | | | |
|---|---|---|---|
| | | | അവകാശം അതിവേഗം എന്ന പേരിൽ അതിദരിദ്രർക്ക് അവകാശ രേഖകൾ നൽകൽ (വോട്ടർ ഐ ഡി, ആധാർ കാർഡ്, റേഷൻ കാർഡ്, ഹെൽത്ത് ഇൻഷ്വറൻസ്, ഭിന്നശേഷി കാർഡ്, ബാങ്ക് അക്കൗണ്ട്, തൊഴിൽ കാർഡ് തുടങ്ങിയവ) ഭക്ഷണം, ആരോഗ്യ പരിശോധന, സാമൂഹ്യ സുരക്ഷാ പെൻഷൻ, ഭവനം ആവശ്യമുള്ളവർക്ക് ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്തി ഭവനം ലഭ്യമാക്കൽ, ഏകാംഗ കുടുംബത്തിലുള്ള വ്യക്തികളെ പുനരധിവാസ കേന്ദ്രങ്ങളിലേക്ക് മാറ്റി പാർപ്പിക്കൽ തുടങ്ങിയ സേവനങ്ങൾ നടപ്പിലാക്കി വരുന്നു. അതിദരിദ്ര പട്ടികയിലുൾപ്പെട്ട വിദ്യാർഥികളുടെ പഠന ആവശ്യങ്ങൾക്കുള്ള യാത്ര കെ.എസ്.ആർ.റ്റി,സി/ പ്രൈവറ്റ് ബസുകളിൽ സൗജന്യമാക്കി.<br><br>തൊഴിൽ ചെയ്യാൻ ശേഷിയുള്ളവർക്ക് തൊഴിൽ ലഭ്യമാക്കുന്നതിനും സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. വരുമാനദായക പ്രവർത്തനങ്ങൾക്കായി കുടുംബശ്രീ മുഖേന ഉജ്ജീവനം എന്ന പ്രത്യേക പരിപാടി രൂപപ്പെടുത്തി. |
| (സി) | സംസ്ഥാനത്തിന്റെ വികസന, ക്ഷേമ പ്രവർത്തനങ്ങളുടെ ഗുണഫലങ്ങൾ എല്ലാ വിഭാഗങ്ങളിലേയ്ക്കും എത്തിക്കുക എന്ന ലക്ഷ്യത്തിനായി ആരംഭിച്ച അതിദരിദ്ര നിർമ്മാർജന പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ; | (സി) | അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ നാളിത് വരെയുള്ള പുരോഗതി റിപ്പോർട്ട് അനുബന്ധം ആയി ചേർത്തിരിക്കുന്നു.<br><br>അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയയിലൂടെ സംസ്ഥാനത്ത് ആകെ 64006 കുടുംബങ്ങളെയാണ് കണ്ടെത്തിയത്. അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ ആദ്യഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി കണ്ടെത്തിയ കുടുംബങ്ങളിൽ 30658 കുടുംബങ്ങളെ (47.89%) അതിദാരിദ്ര്യത്തിൽ നിന്ന് മുക്തരാക്കി. ഇതിന്റെ പ്രഖ്യാപനം 2023 നവംബർ 1-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തി. |
| (ഡി) | ഇതിന്റെ ഭാഗമായി നടത്തിയ സർവ്വേയുടെ വിശദാംശം ലഭ്യമാണോ; എങ്കിൽ വെളിപ്പെടുത്താമോ; നിലവിൽ എത്രപേരെ അതിദരിദ്രമുക്തരാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കാമോ? | (ഡി) | അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ നാളിത് വരെയുള്ള പുരോഗതി റിപ്പോർട്ട് അനുബന്ധം ആയി ചേർത്തിരിക്കുന്നു.<br><br>അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയയിലൂടെ സംസ്ഥാനത്ത് ആകെ 64006 കുടുംബങ്ങളെയാണ് കണ്ടെത്തിയത്. അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ ആദ്യഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി കണ്ടെത്തിയ കുടുംബങ്ങളിൽ 30658 കുടുംബങ്ങളെ (47.89%) അതിദാരിദ്ര്യത്തിൽ നിന്ന് |

| | | | |
|---|---|---|---|
| | | | മുക്തരാക്കി. ഇതിന്റെ പ്രഖ്യാപനം 2023 നവംബർ 1-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തി. |

സെക്ഷൻ ഓഫീസർ

| Annexure | | | |
|---|---|---|---|
| District | Number of extreme poor families identified | Number of families uplifted from extreme poverty as on 01.11.2023 | Percentage of achievement |
| Kannur | 4208 | 2617 | 62.19 |
| Thrissur | 5013 | 2707 | 54 |
| Kottayam | 1071 | 556 | 51.91 |
| Thiruvananthapuram | 7278 | 3761 | 51.68 |
| Alappuzha | 3613 | 1859 | 51.45 |
| Malappuram | 8553 | 4166 | 48.71 |
| Ernakulam | 5650 | 2653 | 46.96 |
| Kozhikode | 6773 | 3171 | 46.82 |
| Palakkad | 6443 | 2845 | 44.16 |
| Kasaragod | 2768 | 1218 | 44 |
| Idukki | 2665 | 1115 | 41.84 |
| Wayanad | 2931 | 1197 | 40.84 |
| Kollam | 4461 | 1809 | 40.55 |
| Pathanamthitta | 2579 | 984 | 38.15 |
| **Total** | **64006** | **30658** | **47.89** |

Annexure

| District | Number of extreme poor families identified | Number of families uplifted from extreme poverty as on 01.11.2023 | Percentage of achievement |
|---|---|---|---|
| Kannur | 4208 | 2617 | 62.19 |
| Thrissur | 5013 | 2707 | 54 |
| Kottayam | 1071 | 556 | 51.91 |
| Thiruvananthapuram | 7278 | 3761 | 51.68 |
| Alappuzha | 3613 | 1859 | 51.45 |
| Malappuram | 8553 | 4166 | 48.71 |
| Ernakulam | 5650 | 2653 | 46.96 |
| Kozhikode | 6773 | 3171 | 46.82 |
| Palakkad | 6443 | 2845 | 44.16 |
| Kasaragod | 2768 | 1218 | 44 |
| Idukki | 2665 | 1115 | 41.84 |
| Wayanad | 2931 | 1197 | 40.84 |
| Kollam | 4461 | 1809 | 40.55 |
| Pathanamthitta | 2579 | 984 | 38.15 |
| **Total** | **64006** | **30658** | **47.89** |